# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2831      20-03-2015 -ൽ മറുപടിക്ക്

### കൊയിലാണ്ടി മണ്ഡലത്തിലെ പ്രകൃതിക്ഷോഭ നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.ദാസൻ** | | **ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | കൊയിലാണ്ടി മണ്ഡലത്തിൽ കനത്ത മഴയിലും കാറ്റിലും വ്യാപകമായി കൃഷിനാശവും വീടുകൾക്ക് നാശനഷ്ടവും വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ആരുടെയെല്ലാം വീടുകളാണ് തകർന്നിട്ടുള്ളതെന്നും, എത്രത്തോളം കൃഷിനാശവും നാശനഷ്ടവും സംഭവിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ; | ബി) | വിയ്യൂർ, മൂടാടി, പന്തലായിനി, തിക്കോടി എന്നീ വില്ലേജുകളിലായി 231 വീടുകൾക്ക് 27 ലക്ഷം രൂപയുടെ നാശനഷ്ടവും 750 കർഷകരുടെ 527 ഹെക്ടറിൽ 49,42,700/- രൂപയുടെ കൃഷി നാശവും സംഭവിച്ചിട്ടുണ്ട്. വീട് തകർന്നവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തര സഹായം, നഷ്ടപരിഹാരം, സൗജന്യ റേഷൻ എന്നിവ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | സി) | സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ടിൽ നിന്നുള്ള അടിയന്തിര ആശ്വാസ ധനസഹായത്തിന് ജില്ലയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. സൗജന്യ റേഷൻ അനുവദിക്കുന്നതിനുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ